F2/23/22



"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് -ജീവനക്കാര്യം -വനം വകുപ്പിൽ കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ ഹക്കീം എസ്, (PEN: 635519) -ന്റെ ചികിത്സക്കായി ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.220/2022/F&WLD തീയതി, തിരുവനന്തപുരം, 17-05-2022.

---

പരാമർശം:- 1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 30.01.2022 -ലെ എച്ച്2/3015/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ ഹക്കീം എസ് -ന്റെ ചികിത്സക്കായി ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും ശുപാർശ സഹിതം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനം വകുപ്പിൽ കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഹക്കിം.എസ്സിന്റെ ചികിത്സയ്ക്കായി കൊല്ലം കൊല്ലം ശ്രീനാരായണ ട്രസ്റ്റ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ 06.05.2021 മുതൽ 30.10.2021 വരെ ചെലവായ തുകയിൽ , ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമായി അറിയിച്ചിട്ടുള്ള 59,309/- രൂപയുടെ 80% ആയ 47,447/- രൂപ ( നാല്പത്തേഴായിരത്തി നാനൂറ്റി നാല്പത്തിയേഴ് രൂപ മാത്രം), ടിയാൻ പലിശ രഹിത ചികിത്സാ വായ്പ എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിൽ, പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (അപേക്ഷയും അനുബന്ധ രേഖകളും സഹിതം).

ശ്രീ ഹക്കീം എസ് , ( അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖാന്തരം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് ( ലോൺസ് എൽ1/91/2022 -ധന (ഇ - 2011969), തീയതി . 29.04.2022

പ്രകാരം) .

വെബ്ബ് & ന്യൂ മീഡിയ .

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S

Date: 17-05-2022 15:53:25

സെക്ഷൻ ഓഫീസർ.